DEPARTMENT OF AGRICULTURE

# FARM INFORMATION BUREAU

**PRESS RELEASE**

PR . 101/2017 1 07 2017

## വിത്തിന്റെ പരമാധികാരം കർഷകർക്ക് ;കൃഷിമന്ത്രി

ഗുണനിലവാരമുള്ള വിത്തും നടീൽ വസ്തുക്കളും ലഭിക്കുക എന്നത് ഓരോ കർഷകന്റെയും അവകാശമായിരിക്കും എന്ന് കൃഷിമന്ത്രി പറഞ്ഞു. സീഡ് ആക്റ്റ് അനുസരിച്ച് സംസ്ഥാനത്തെ വിത്ത് വിതരണശൃംഖല ശാസ്ത്രീയമായി പുനസംഘടിപ്പിക്കുന്നതാണ്. കേരള കാർഷിക സർവ്വകലാശാല വഴി കർഷകർക്ക് നൽകുന്ന വിത്തിന്റെയും നടീൽ വസ്തുക്കളുടെയും ഗുണനിലവാരം ഉറപ്പാക്കും. വിത്ത് ബാങ്ക് എന്ന ആശയം സർവ്വകലാശാലയുമായി സഹകരിച്ച് യാഥാർത്ഥ്യമാക്കും. സംസ്ഥാന വിള ഇൻഷ്വറൻസ് ദിനാചരണത്തിന്റെയും പച്ചക്കറി കൃഷിവികസന പദ്ധതി 2016-17 സംസ്ഥാന തല അവാർഡ് വിതരണത്തിന്റെയും ഉത്ഘാടന കർമ്മം തൃശ്ശൂർ ടൗൺഹാളിൽ വച്ച് നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു കൃഷി മന്ത്രി.

1995 മുതൽ നിലവിലുണ്ടായിരുന്ന വിള ഇൻഷ്വറൻസ് പദ്ധതി 21 വർഷത്തിനുശേഷം ഉല്പാദന സൂചിക അടിസ്ഥാനമാക്കി 2017 മാർച്ച് മുതൽ പുനരാവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. നെൽകൃഷി ചെയ്യുന്ന കർഷകർക്ക് പുതുക്കിയ ഇൻഷ്വറൻസ് പദ്ധതി, കേന്ദ്ര വിള ഇൻഷ്വറൻസ് പദ്ധതി, പ്രകൃതിക്ഷോഭ നഷ്ട പരിഹാരം എന്നിവ പ്രകാരം പരമാവധി അറുപത്തി ഒന്നായിരം രൂപ വരെ ഹെക്ടറിന് ലഭ്യമാക്കും. ജാതി കൃഷിക്കാണ് നാശം സംഭവിച്ചതെങ്കിൽ 3000 രൂപവരെ നഷ്ട പരിഹാരം ലഭിക്കും. കഴിഞ്ഞ വർഷം വരെ ഇത് 250 രൂപയായിരുന്നു. ഇത്തരത്തിൽ പുനരാവിഷ്ക്കരിച്ച പദ്ധതിപ്രകാരം ഇരട്ടി മുതൽ പതിമൂന്ന് ഇരട്ടി വരെയാണ് നഷ്ട പരിഹാരതുകയിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത്.

Farm Information Bureau ,Kowdiar, Thiruvananthapuram- 695 003
e-mail: fibtvm@gmail.com
Telephone 0471-2317314, Fax 0471-2318186

കാർഷിക ഉല്പന്നങ്ങളുടെയും ഉല്പാദനവും വിപണനവും അടങ്ങുന്ന സമ്പൂർണ്ണ വിവരങ്ങൾ അടങ്ങിയ ബുളളറ്റിൻ കൃഷിവകുപ്പ് ഈ മാസം മുതൽ പുറത്തിറക്കുന്നതായിരിക്കും. മിച്ച ഉല്പാദനം കണക്കാക്കി എല്ലാ പ്രദേശങ്ങളിലേക്കും ഉല്പന്നങ്ങൾ വിതരണം നടത്തുന്നതിന് ഇവ സഹായകമാകും. ഈ ഓണത്തിന് 63 ലക്ഷം കുടുംബങ്ങളെ പങ്കാളികളാക്കിക്കൊണ്ട് ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന ജനകീയ പദ്ധതി നടപ്പിലാക്കുന്നതായിരിക്കും.

ചടങ്ങിൽ വച്ച് പച്ചക്കറി കൃഷിവികസന പദ്ധതി 2016-17 പ്രകാരം മികച്ച ഭരണം കാഴ്ച വച്ചവർക്കുളള സംസ്ഥാന തല അവാർഡ് വിതരണം കൃഷിമന്ത്രി നിർവ്വഹിച്ചു. ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ വിള ഇൻഷ്വറൻസ് പദ്ധതിയുടെ രൂപ രേഖ മന്ത്രി തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാറിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. തൃശ്ശൂർ കോർപ്പറേഷൻ മേയർ അജിതാ ജയരാജൻ ചടങ്ങിന് അദ്ധ്യക്ഷം വഹിച്ചു. ഒല്ലൂർ എം.എൽ.എ കെ. രാജൻ, മണലൂർ എം.എൽ.എ. മുരളി പെരുനെല്ലി, തൃശ്ശൂർ, ജില്ലാ സ്റ്റാന്റിംഗ് ചെയർ പേഴ്സൺമാരായ ജെന്നി ജോസഫ്, അജിതാവിജയൻ, തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ യു .മഹേഷ്, കാർഷിക സർവ്വകലാശാല വൈസ് ചാൻസ്ലർ ഡോ. പി. രാജേന്ദ്രൻ, കൃഷിവകുപ്പ് ഡയറക്ടർ എ.എം.സുനിൽകുമാർ, എസ് ജനാർദ്ദനൻ, അബ്ദുൾ മജീദ് എന്നിവർ സംസാരിച്ചു. കാർഷിക സർവ്വകലാശാല വെജിറ്റബിൾ മിഷനിലെ ഡോ. പി. നാരായണൻകുട്ടി, പച്ചക്കറി കൃഷി നൂതന രീതികളെ കുറിച്ച് സെമിനാർ നടത്തുകയുണ്ടായി. ചടങ്ങിൽ തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ എം.ഡി തിലകൻ നന്ദി പ്രകാശിപ്പിച്ചു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**